**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6172** **17-03-2023 - ൽ മറുപടിയ്ക്ക്**

**കശുവണ്ടി ഉല്പാദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കശുവണ്ടി ഉല്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് എന്തെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | സംസ്ഥാനത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനും കശുമാവ് കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും അതുവഴി തോട്ടണ്ടിയുടെ ആഭ്യന്തര ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുമായി 2007ൽ സർക്കാർ കശുമാവ് കൃഷി വികസന ഏജൻസി രൂപീകരിച്ചിരുന്നു. 2008-09-ലെ 65000 മെട്രിക് ടൺ ആഭ്യന്തര ഉൽപ്പാദനത്തിൽ നിന്ന് തോട്ടണ്ടി ഉൽപാദനം 150000 മെട്രിക് ടൺ ആയി ഉയർത്തുക എന്നതാണ് ടി ഏജൻസിയുടെ ലക്ഷ്യം.<br><br>ഒരു ഹെക്ടറിൽ നിന്നും Normal Density Planting ലൂടെ 5 വർഷം കഴിയുമ്പോൾ 1 ടൺ ആദായമാണ് പ്രതീക്ഷിക്കുന്നത്. നിലവിൽ 1,03,025 ഹെക്ടർ സ്ഥലം കൃഷി യോഗ്യമാക്കിയിട്ടുണ്ട്.<br><br>കേരള കശുമാവ് കൃഷി വികസന ഏജൻസി കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനായി നിലവിൽ താഴെ പറയുന്ന പദ്ധതികൾ നടത്തി വരുന്നു.<br><br><u>കാഷ്യു മോഡൽ ഗാർഡൻ</u><br><br>ഈ പദ്ധതി പ്രകാരം സർക്കാർ, സർക്കാരിതര സ്ഥാപനങ്ങൾ, മറ്റ് ഏജൻസികൾ എന്നിവയുടെ കീഴിലുള്ള കശുമാവ് കൃഷിക്ക് അനുയോജ്യമായ<br><br>സ്ഥലങ്ങളിൽ Normal Density (ND), High Density(HD) എന്ന കൃഷി രീതികളിലൂടെ കശുമാവ് കൃഷി വ്യാപിപ്പിക്കുവാൻ ലക്ഷ്യമിടുന്നു.<br><br>**<u>കാഷ്യൂ മോഡൽ ഫാം</u>**<br><br>ഈ പദ്ധതി ഘടകത്തിൽ കർഷകർ, MGNREGS ഗ്രൂപ്പുകൾ, NGOs എന്നിവർക്ക് Normal Density |

(ND), High Density(HD) എന്നീ കൃഷി രീതിയിലൂടെ തൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം സാങ്കേതിക പരിജ്ഞാനം കൂടി നൽകി വരുന്നു.

**<u>മുറ്റത്തൊരു കശുമാവ്</u>**

കുടുംബശ്രീ, തൊഴിലുറപ്പ് തൊഴിലാളികൾ, റസിഡൻസ് അസോസിയേഷൻ, കശുവണ്ടി തൊഴിലാളികൾ, സ്കൂൾ കുട്ടികൾ എന്നിവർക്കു വേണ്ടിയുള്ള പ്രത്യേക പദ്ധതിയാണിത്. പൊക്കം കുറഞ്ഞ അധികം പടരാത്ത വീട്ടു മുറ്റത്ത് നിയന്ത്രിച്ച് വളർത്താവുന്ന രീതിയിലുള്ള കശുമാവിൻ ഗ്രാഫ്റ്റുകൾ ഈ പദ്ധതിയിലൂടെ നൽകുന്നു.

**<u>അതീവ സാന്ദ്രതാ കൃഷി</u>**

കശുമാവിന്റെ നൂതന സാങ്കേതിക കൃഷി രീതി ഫീൽഡ് തലത്തിൽ ട്രയലായി പരീക്ഷിക്കുന്ന Ultra High Density Planting എന്ന പദ്ധതി ഈ വർഷം മുതൽ നടപ്പിലാക്കുവാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട കർഷകർക്ക് ഒരു ഹെക്ടർ സ്ഥലത്തേക്ക് 1100 കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നു. ഇതിന്റെ പരിപാലന മുറകൾ കെ.എസ്.എ.സി.സി കർഷകർക്ക് നൽകുന്നു. Drip Irrigation സംവിധാനമുള്ള കർഷകരെയാണ് ഇതിനായി തിരഞ്ഞെടുക്കുന്നത്. ഇത്തരത്തിലുള്ള കൃഷി രീതിയിലൂടെ ഒരു ഹെക്ടറിൽ നിന്നും ഒരു ടൺ കശുവണ്ടി മൂന്നാം വർഷം മുതൽ സ്ഥിരമായി ലഭിക്കുന്ന ഫീൽഡ് പരീക്ഷണ കൃഷി സംവിധാനത്തിന് തുടക്കം കുറിച്ചു. ഇത് വിജയിക്കുന്ന മുറയ്ക്ക് തുടർ വർഷങ്ങളിൽ കൂടുതൽ കർഷകരെ ഇതിലേക്ക് ആകർഷിക്കുക, സ്ഥല പരിമിതിക്ക് അതീതമായി ആഭ്യന്തര ഉൽപാദനം കൂട്ടുക എന്നിവ ലക്ഷ്യമിടുന്നു.

വിവിധ പദ്ധതികളിലൂടെ 1152684 തൈകൾ കശുമാവ് കൃഷി വികസന ഏജൻസി വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി കേന്ദ്ര സർക്കാരിൽ നിന്നും 4 കോടി 80 ലക്ഷം രൂപയുടെ പദ്ധതി അനുവദിച്ചിട്ടുണ്ട്. 2021-22-ലെ സംസ്ഥാന ബഡ്ജറ്റിൽ കശുമാവ് കൃഷി വികസനത്തിനായി 650 ലക്ഷം രൂപ നീക്കി വയ്ക്കുകയും അതിൽ 5 കോടി രൂപ അനുവദിക്കുകയും ചെയ്തിരുന്നു. 2022-23 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 7 കോടി 15 ലക്ഷം രൂപ വകയിരുത്തിയതിൽ 3.50 കോടി രൂപ അനുവദിച്ചു നൽകി.

| | | | |
|---|---|---|---|
| | | | കൂടാതെ കശുവണ്ടിയുടെ ആഭ്യന്തര ഉൽപ്പാദനം ലക്ഷ്യമിട്ട് കശുവണ്ടി വികസന കോർപ്പറേഷന്റെ കൊട്ടിയം ഫാക്ടറിയോടനു ബന്ധിച്ച് അത്യുൽപ്പാദന ശേഷിയുളള കശുമാവ് ഗ്രാഫ്റ്റുകൾ ഉൽപ്പാദിപ്പിക്കുന്ന നഴ്സറി സ്ഥാപിച്ചിട്ടുണ്ട്. ഇവിടെ നിന്നും കശുമാവ് തൈകൾ കശുമാവ് കർഷകർക്കും കശുമാവ് കൃഷി വികസന ഏജൻസിയ്ക്കും 50 രൂപ നിരക്കിൽ വിതരണം ചെയ്യുന്നു. കൂടാതെ കോർപ്പറേഷന്റെ 30 ഫാക്ടറികളിലായി 5500ഓളം കശുമാവിൻ തൈകൾ കൃഷി ചെയ്യുന്നതിനുള്ള പദ്ധതിയ്ക്കും രൂപം നൽകിയിട്ടുണ്ട്. കശുവണ്ടി വികസന കോർപ്പറേഷന്റെ കൊട്ടിയം, പുത്തൂർ, ചാത്തന്നൂർ, കണ്ണനല്ലൂർ, തെറ്റിക്കുഴി ഫാക്ടറികളിലായി 25 ഏക്കർ സ്ഥലത്ത് മാതൃകാ കശുമാവ് തോട്ടം പദ്ധതി പ്രകാരം അത്യുൽപ്പാദന ശേഷിയുള്ള കശുമാവ് തൈകൾ കൃഷി ചെയ്തിട്ടുണ്ട്. കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കാപ്പെക്സിന്റെ പെരുമ്പുഴ ഫാക്ടറിയിലും മേൽത്തരം അത്യുൽപ്പാദന ശേഷിയുള്ള കശുമാവിൻ തൈകൾ ഉൽപ്പാദിപ്പിക്കുന്ന കശുമാവ് നഴ്സറി പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ